## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *203 — 05.02.2018 ൽ മറുപടിക്ക്

# ചെറുകിട വ്യവസായങ്ങളുടെ അതിജീവനത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം. നൗഷാദ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളുടെ അതിജീവനത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി, മറ്റ് ഭൗതിക സാഹചര്യങ്ങൾ, പ്രകൃതി വിഭവങ്ങൾ, ജനസംഖ്യാപരമായ പ്രത്യേകതകൾ, സ്ഥിതിവിവരക്കണക്കുകൾ തുടങ്ങിയവ കണക്കിലെടുത്താൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്ക് അനുകൂല സാഹചര്യമാണ് നിലവിലുള്ളത്. ഭക്ഷ്യസംസ്കരണരംഗത്ത് ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ കാര്യത്തിലും കേരളം രാജ്യത്ത് ഇതര സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. ഇങ്ങനെ ചെറുകിട വ്യവസായരംഗത്തെ വളർച്ചയ്ക്ക് വേണ്ടി വകുപ്പ് പ്രവർത്തിക്കുന്നതിനോടൊപ്പം തന്നെ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി അവയെ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പൊതുമേഖലയിലുള്ള ബാങ്കുകളുമായി സഹകരിച്ച് റിസർവ്വ് ബാങ്ക് മാനദണ്ഡ പ്രകാരം സ്ട്രെസ്ഡ് അസറ്റ് മാനേജ്മെന്റ് കമ്മിറ്റികൾ (Stressed Asset Management Committee) പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കമ്മിറ്റികളിൽ വൈദഗ്ധ്യമുള്ള അംഗങ്ങൾ എന്ന നിലയിൽ ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നു. ഇതോടൊപ്പം തന്നെ സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് വേണ്ടി വകുപ്പ് താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സംരംഭകത്വ സഹായ പദ്ധതി<br>• ഇ.ഡി.ക്ലബ്<br>• ഇൻകുബേഷൻ സെന്ററുകൾ<br>• ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>• വ്യവസായ ജാലകം പദ്ധതി |

| | | | |
|---|---|---|---|
| | | | • പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട്<br>• പശ്ചാത്തല വികസന പദ്ധതികൾ<br>• വ്യവസായ പ്രദർശന മേളകൾ<br>• ആഷ പദ്ധതി |
| (ബി) | വ്യവസായ പുരോഗതിക്ക് കെ.എസ്.ഐ.ഡി.സി. നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ ; | (ബി) | സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി വിവിധങ്ങളായ പദ്ധതികളാണ് കെ.എസ്. ഐ.ഡി.സി.യുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും, ക്ലിയറൻസുകൾ നൽകുന്നത് സുഗമമാക്കിയും, ആകർഷകമായ പാക്കേജുകളിലൂടെ നിക്ഷേപകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയും, വിവിധ വ്യവസായ വിഭാഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തിയും സംസ്ഥാനത്ത് ചലനാത്മകമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിച്ചു വരുന്നു. 1961 ൽ സ്ഥാപിതമായ കെ.എസ്.ഐ.ഡി.സി വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട അനുമതികളും ആനുകൂല്യങ്ങളും ലഭ്യമാക്കി ഇടത്തരവും വലുതുമായ വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് വലിയ തോതിലുള്ള സഹായമാണ് ചെയ്തുവരുന്നത്. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി കെ.എസ്.ഐ.ഡി.സി. 75 ഓളം വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. |
| (സി) | കേരള വ്യവസായ പ്രോത്സാഹന സഹായ നിയമം (KIPFA), ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്നും ഉല്പാദക സംസ്ഥാനമായി പരിണമിപ്പിക്കാൻ എത്ര മാത്രം സഹായകരമാകാനിടയുണ്ടെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ വ്യവസായ വളർച്ചയുടെ ഗതിവേഗത്തിന് വിഘാതമായി നിൽക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ് ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള കാലതാമസം. ഈ തടസ്സങ്ങളെ മറികടക്കാൻ കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ഓർഡിനൻസ് പുറപ്പെടുവിക്കുകയും. ഇത് നിയമസഭയുടെ മുമ്പാകെ ചർച്ചയ്ക്ക് ബില്ലായി അവതരിപ്പി ക്കുകയുമുണ്ടായി. ഇത് നിയമമാകുന്നതുവഴി വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ഉണ്ടാകുകയും കേരളത്തെ ഒരു ഉൽപാദക സംസ്ഥാനമാക്കുകയും ചെയ്യും.<br>സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)'' രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിലും അവയുടെ പുരോഗതി സംരംഭകർക്കു വേഗം മനസ്സിലാക്കുവാനും കഴിയും.<br>ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം) നടപ്പിലാക്കുന്നതുവഴി സംസ്ഥാനം നിക്ഷേപസൗഹൃദമാകുമെന്നും തൊഴിലവസരങ്ങളും, വരുമാനവും ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ